# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 948** **20/03/2012 ൽ മറുപടിക്ക്**

## ബ്ലോക്ക് റിസോഴ്സ് സെന്റർ പദ്ധതി പ്രകാരമുള്ള ഫിസിയോതെറാപ്പി സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി :<br>,, എ. കെ. ശശീന്ദ്രൻ: | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്ക്കൂളുകളിൽ ബി.ആർ.സി. പദ്ധതി പ്രകാരം നടപ്പാക്കുന്ന ഫിസിയോതെറാപ്പി സേവനം സ്ഥിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) സർവ ശിക്ഷാ അഭിയാന്റെ കീഴിലുള്ള എല്ലാ ബി.ആർ.സി. കളിലും ടി സേവനം ആവശ്യമുള്ള കുട്ടികൾക്ക് നിശ്ചിത സമയത്തേയ്ക്ക് നിശ്ചിത വേതനാടിസ്ഥാനത്തിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നുണ്ട് |
| ബി) ബി.ആർ.സി. പദ്ധതി പ്രകാരം സേവനം നടത്തുന്ന ഫിസിയോതെറാപ്പിസ്റ്റുകളുടെ വേതനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) ഫിസിയോതെറാപ്പിസ്റ്റുകളുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ 2012-13 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) ഇവരുടെ സേവനം ഫണ്ടിന്റെ അപര്യാപ്തതമൂലം നിർത്തലാക്കുവാൻ ശുപാർശയുണ്ടോ; വിശദമാക്കുമോ; | സി) കൂടുതൽ തെറാപ്പിസ്റ്റുകളുടെ സേവനം ബി.ആർ.സി.കളിൽ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ 2012-13 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) പാവപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ലഭിക്കുന്ന പ്രസ്തുത സേവനം സ്ഥിരമായി ലഭ്യമാക്കുന്നതിനായി ബി.ആർ.സി. പദ്ധതി പ്രകാരം ജോലി ചെയ്യുന്ന ഫിസിയോതെറാപ്പിസ്റ്റുകൾക്ക് ജോലി സ്ഥിരതയും ശമ്പള വ്യവസ്ഥയും നടപ്പിലാക്കുമോ; വിശദാംശം നൽകുമോ; | ഡി) സർവ ശിക്ഷാ അഭിയാന്റെ കീഴിലുള്ള എല്ലാ ബി.ആർ.സി. കളിലും ടി സേവനം ആവശ്യമുള്ള കുട്ടികൾക്ക് നിശ്ചിത സമയത്തേയ്ക്ക് നിശ്ചിത വേതനാടിസ്ഥാനത്തിലാണ് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നത്. സർവ ശിക്ഷാ അഭിയാൻ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സംയോജിത സമയബന്ധിത പ്രോജക്ടായതിനാൽ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ/കരാർ/ ദിവസ വേതന അടിസ്ഥാനത്തിലാണ് നടത്തി വരുന്നത്. |

(....2)

| | | | |
|---|---|---|---|
| ഇ) | കായിക താരങ്ങൾക്ക് സ്പോർട്സ് ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനായി സ്പോർട്സ് സ്കൂളുകളിലും ഫിസിക്കൽ എഡ്യുക്കേഷൻ കോളേജുകളിലും സ്പോർട്സ് ഫിസിയോതെറാപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇ) | നിലവിൽ നിർദ്ദേശങ്ങളൊന്നുമില്ല |

സെക്ഷൻ ഓഫീസർ